ശ്രീ. പി. വിശ്വംഭരൻ : സർ, കഴിഞ്ഞ മാസം 5–ാംതീ- അസംബ്ലി ക്കുടേണ്ടതാണെന്നു കാണിച്ചു് നോട്ടീസ് കൊടുക്കുകയും അതനുസരിച്ചു മെമ്പറന്മാർ എല്ലാവരും ചോദ്യങ്ങളും പ്രമേയങ്ങളും മറ്റും അയക്കുകയും ചെയ്തിട്ടുണ്ടു്. എന്നാൽ ആ സമ്മേളനം കാൻസൽ ചെയ്തുകൊണ്ടു്, ഒരു മാസംകൂടി ദീർഘിപ്പിച്ചുതായിട്ടാണു് രണ്ടാമത്തെ നോട്ടീസ് ഷാപ്പെടുവിച്ചിട്ടുള്ളതു്. ആദ്യത്തെ സമ്മേളനം കാൻസൽ ചെയ്യുന്നതോടുകൂടി അയച്ചിട്ടുള്ള ചോദ്യങ്ങളും പ്രമേയങ്ങളുംകൂടി കാൻസൽ ചെയ്യുന്നതിനു പകരം അവ ഇന്നത്തെ അജണ്ടയിൽ ഉൾപ്പെടുത്തിയിരിക്കുകയാണു്. അതു് ശരിയല്ലെന്നു മാത്രമല്ല ഈ സമ്മേളനത്തിന്റെ ഉദ്ദേശംതന്നെ പരാജയപ്പെടുത്തുവാൻ പര്യാപ്തവും കൂടിയാണു്. ഈ നടപടിമൂലം തൽക്കാല പ്രാബല്യമുള്ള പ്രശ്നങ്ങൾ ഇവിടെ ചർച്ച ചെയ്യുവാൻ സാധ്യമല്ലാതെ വന്നിരിക്കുകയാണു്. അങ്ങനെ കാലഹരണപ്പെട്ട കുറെ ചോദ്യങ്ങൾക്കു് മറുപടി പറയുവാൻ ഗവണ്മെന്റു് തയ്യാറായിരിക്കുകയാണു് ഈ സന്ദർഭത്തിൽ. സർ, അതു തന്നെ ശരിയായ ഒരു നടപടി അല്ല. ഗൗരവമേറിയതും തൽക്കാല പ്രാബല്യമുള്ളതും വളരെ അത്യാവശ്യമുള്ളതുമായ കാര്യങ്ങളെ സംബന്ധിച്ചുള്ള ഈ സഭയിൽ ചർച്ച നടത്തേണ്ടിയിരിക്കുന്ന ഈ അവസരം ഇങ്ങനെ പാഴായി വിനിയോഗിക്കുന്നതു് ശരിയാണോ എന്നു് അദ്ധ്യക്ഷസ്ഥാനത്തുനിന്നു തന്നെ ആലോചിക്കേണ്ടതാണു്.

MR. SPEAKER: Regarding the postponement of the meeting I have to state this much. As the original notification summoning the session was superseded by another notification, fresh summons was issued to all the Members, forwarding a revised calendar of meetings. As regards the interpellations given notice of by Members with reference to the original calendar of meetings, it was decided and ordered that the notices would hold good with reference to the revised calendar only that the dates will vary though the same priority is maintained. This is the only practical step that can be taken as it would be neither feasible nor desirable to treat all the notices null and void and ask the Members to give fresh notices of over one thousand five hundred questions already received. These matters, Members may agree, may have to be regulated by the Speaker with a view to avoiding avoidable inconvenience. Such residuary powers have to be exercised under such contingencies.

LEGISLATIVE BUSINESS (Contd.)

The Travancore Public Servants (Inquiries) Amendment Bill.

Home Minister (SHRI A. J. JOHN): Sir, I beg to introduce the Travancore Public Servants (Inquiries) Amendment Bill.

Minister for Health (SHRI A. A. RAHIM): I second it.

LIBRARY ARCHIVES Kerala Legislative Assembly

Mr. SPEAKER: The Travancore Public Servants (Inquiries) Amendment Bill stands introduced.

ശ്രീ. എ. ജെ. ജോൺ: 1122-ലെ പബ്ലിക് സ്വ്വൻറ്സ് എൻകൃയറിസ് ആക്റ്റ് എന്ന ഒരു നിയമം തിരുവിതാംകൂറിൽ ഉണ്ടായിരുന്നു. കൊച്ചിയിൽ ഇങ്ങനെ ഒരു നിയമം ഇല്ലാതിരുന്നു. ഉദ്യോഗസ്ഥന്മാരുടെ നടപടിപ്പിശകുകളെക്കുറിച്ച് അന്വേഷിക്കുന്നതിനുംമറ്റും ഉദ്ദേശിച്ചുള്ള ഒരു നിയമമാണ് ഇതു്. ഈ നിയമം കൊച്ചിയിൽകൂടി വ്യാപിപ്പിക്കുന്നതിനാണ് ഈ ബില്ലുകൊണ്ടു ഉദ്ദേശിക്കുന്നതു്. ഗവണ്മെൻറിന്റെ അനുവാദപ്രകാരമല്ലാതെ മാറ്റുവാൻ പാടില്ലാ... ഉദ്യോഗസ്ഥന്മാരുടെ നടപടികളെക്കുറിച്ച് അന്വേഷിക്കുന്നതിനുംമറ്റും ഉദ്ദേശിച്ചുള്ള തിരുവിതാംകൂറിലെ പബ്ലിക് സ്വ്വൻറ്സ് എൻകൃയറീസ് ആക്റ്റ് കൊച്ചിയിൽകൂടി വ്യാപിപ്പിച്ചു് ഉദ്യോഗസ്ഥന്മാരുടെ ഇടയിലുള്ള കൈക്കുലി മുതലായവ ഇല്ലാതാക്കുന്നതിനും ഫയലുകൾ തീരുമാനിക്കുന്നതിൽ വരുത്തുന്ന താമസം തീർക്കുന്നതിനും സെക്രട്ടറിയേറ്റിൽ പുതുതായി പ്രത്യേകമായി ഒരു സെക്ഷൻ ഉണ്ടാക്കുകയുമാണ് ഇതിന്റെ ഉദ്ദേശം. ഇതിനു വേണ്ടി ഒരു ഫുൾടൈം കമ്മീഷണരെ നിയമിക്കുകയും ചെയ്തിട്ടുണ്ടു്. ഇതു സംബന്ധിച്ചു് രാജപ്രമുഖൻ ഒരു ആർഡിനൻസു് പാസ്സാക്കിയിട്ടുണ്ടു്. അതിലുള്ളതായ വിവരങ്ങളാണ് ഇതിൽ ചേർത്തിട്ടുള്ളതു്. അതിനാൽ ഈ ബില്ലു് പാസ്സാക്കിത്തരണമെന്നു് ഞാൻ അപേക്ഷിക്കുന്നു.

SHRI A. THANU PILLAI: I move that the Bill be referred to a Select Committee because it involves permanent issues of great importance and it is not a matter to be disposed of summarily in the way suggested by the hon. Minister.

SHRI P. S. NATARAJA PILLAI: I also would like to place before the House that in as much as the special rights of the permanent Government servants are being dealt with, it is better always to scrutinise the Bill before it is finally accepted by this House. As it is, it is necessary that it should go before a Select Committee and I hope the Government benches will have no objection to it.

ശ്രീ. എം. പി. മേനോൻ: സർ, മുൻപു് പി. എസ്. പി. ഭരിച്ചിരുന്ന കാലത്തു് പ്രിവൻഷൻ ആക്ട് കറപ്ഷനുവേണ്ടി ഒരു ബില്ലു് കൊണ്ടുവന്നു. കാൺഗ്രസ്സ് മന്ത്രിസഭ അധികാരത്തിൽ വന്നതിനുശേഷം അതു് എതുവഴി പോയെന്നു് ഈ സഭയ്ക്കു് അറിയാൻ കഴിഞ്ഞിട്ടില്ല. എന്നാൽ ആ ബില്ലിനെ പരിഷ്കരിച്ചു, എന്തെങ്കിലും ചെയ്തു എന്നു് വരുത്തുവാൻ വേണ്ടി വേറൊരു ബില്ലായി കൊണ്ടുവന്നിരിക്കുകയാണു്. കൊച്ചിയിൽ ഇങ്ങനെയൊരു ബില്ലില്ലാ. തിരുവിതാംകൂറിൽ മാത്രമേയുള്ളു. ഇതു് കൊച്ചിയിലുംകൂടി വ്യാപിപ്പിക്കുവാനാണു് പറയുന്നതു്. പി. എസ്. പി. ഗവണ്മെൻറ് ഉദ്ദേശിച്ച കൈക്കുലി മുതലായ കാര്യങ്ങൾ മാറ്റുന്നതിനുള്ള വ്യവസ്ഥകൾ എന്തെങ്കിലും ഇതിലുണ്ടോ എന്നു് നിശ്ചയമില്ല. ഒരു വഴിപാടു് എന്ന നിലയ്ക്കു് ഈ സംഗതി ഇങ്ങനെ അവസാനിപ്പിക്കാൻ

LIBRARY ARCHIVES Kerala Legislative Assembly

പാടില്ല. കംപ്രിഹെൻസിവ് ആയിട്ടുള്ള ഒരു ബില്ല് അവതരിപ്പിക്കണം. അതിനാൽ സെലക്റ്റ്കമ്മിറ്റിക്കു് അയക്കണമെന്നുള്ള ഭേദഗതിയെ ഞാൻ അനുകൂലിക്കുന്നു.

ശ്രീ. എ. ജെ. ജോൺ : സെലക്റ്റ്കമ്മിറ്റിക്കു് അയക്കുന്നതിനെ എതിർക്കുന്നില്ല. ആർഡിനൻസ് ഉള്ളതുകൊണ്ടു് അതു് ഈ നിയമസഭ അവസാനിക്കുന്നതിനു മുൻപുതന്നെ റിപ്പോർട്ട് ലഭിക്കത്തക്കവിധത്തിൽ അതായതു് ഈ നിയമസഭയിൽതന്നെ ബില്ല് പാസ്സാക്കത്തക്കവിധം റിപ്പോർട്ട ചെയ്യണമെന്നു് ഞാൻ അപേക്ഷിക്കുന്നു. സെലക്റ്റ് കമ്മിറ്റിഅംഗങ്ങൾ താഴെ പറയുന്നവരാണു്.

(1) Shri T. V. Thomas
(2) „ A. Thanu Pillai
(3) „ K. M. Korah
(4) „ N. A Noor Mohammed
(5) „ P. S. Vasudevan Pillai
(6) „ K. Karunakaran
and (7) the mover of the Bill.

The quorum will be four and the Select Committee to report within six days.

SHRI K. C. GEORGE: I propose that Shri M. P. Menon may also be a member of the Select Committee.

SHRI A. J. JOHN: Yes.

SHRI A. A. RAHIM: I second

MR. SPEAKER: The question is that the Travancore Public Servants (Inquiries) Amendment Bill be referred to a Select Committee consisting of the following members:—

Shri T. V. Thomas
„ A. Thanu Pillai
„ K. M. Korah
„ N. A. Noor Mohammed
„ P. S. Vasudevan Pillai
„ K. Karunakaran
„ M. P. Menon, and
„ the Mover

The quorum being four and the bill to be reported within six days. The motion was put and carried.

SHRI T. K. DIVAKARAN: Sir, I had given notice of a No-Confidence Motion under rule 67. I would like to know what has happened to it.

സ്പീക്കർ: അതു് കപ്ലസ്റ്റ്ചൻടൈം കഴിഞ്ഞതിനുശേഷം എടുക്കണമെന്നാണു് ചട്ടം. കപ്ലസ്റ്റ്ചൻ ടൈം കഴിഞ്ഞതുകൊണ്ടും ബഹുമാനപ്പെട്ട മെമ്പർ ഇല്ലാതിരുന്നതുകൊണ്ടു് അതു തള്ളിക്കളഞ്ഞു.

SHRI T. K. DIVAKARAN: But the question hour is not over.

LIBRARY ARCHIVES Kerala Legislative Assembly

SHRI BABY JOHN: It is not yet nine.

Mr. SPEAKER: Order, Order. The question time was over as no questions were put.

The Travancore-Cochin State Aid to Industries (Amendment) Bill, 1955.

Home Minister (SHRI A. J. JOHN): Sir, I beg to introduce the Travancore-Cochin State Aid to Industries (Amendment) Bill, 1955.

Minister for Health (SHRI A. A. RAHIM): I second it.

Mr. SPEAKER: The Travancore-Cochin State Aid to Industries (Amendment) Bill stands introduced.

ശ്രീ. എ. ജെ. ജോൺ: 1952-ലെ തിരുവിതാംകൂർ-കൊച്ചി സ്റ്റേറ്റ് എയിഡ്ട്ട് ഇൻഡസ്ട്രീസ് ആക്റ്റ് പരിനൊന്നാം വകുപ്പ് അനുസരിച്ച് ഏതെങ്കിലും ഒരു വ്യവസായസ്ഥാപനത്തിനു പണം കടം കൊടുക്കണമെന്നുവരികിൽ അതിലുള്ളതായ വസ്തുവിന്റെ ഈടിന്മേൽ മാത്രമേ കൊടുക്കാവൂ എന്നും അതിന്റെ വിലയുടെ ഒരു കുറച്ചുഭാഗത്തിനു മാത്രമേ കൊടുക്കാവൂ എന്നും വ്യവസ്ഥകൾ ഉണ്ട്. അങ്ങനെയുള്ളതുകൊണ്ട് ചെറുകിട വ്യവസായങ്ങൾക്കു പണം കടം വാങ്ങുന്നതിനു വളരെ ബുദ്ധിമുട്ടുകൾ നേരിടുന്നുണ്ട്. അതിനാൽ കഴിഞ്ഞ കാലങ്ങളിൽ ചെറുകിട വ്യവസായങ്ങളെ സംബന്ധിച്ചിടത്തോളം അവർക്ക് പ്രയോജനം ലഭിക്കുത്തക്കവിധത്തിൽ പണം കടം കൊടുക്കുന്നതിനും സാധിച്ചിട്ടില്ല. അതുകൊണ്ടാണ് ഈ ഭേദഗതിബില്ല് ഇവിടെ അവതരിപ്പിച്ചിട്ടുള്ളത്. ഇതനുസരിച്ച് ചെറുകിട വ്യവസായങ്ങൾക്ക് അവരുടെ പേരിലുള്ള വസ്തുക്കൾ ഈടുകൊടുത്തു പണം ലഭിക്കുന്നതാണ്. വേറൊന്ന് ഈ ബില്ലിൻപ്രകാരം ഗവണ്മെന്റിനുമാത്രം ഉണ്ടായിരുന്ന ചില അധികാരങ്ങൾ ഡയറക്ടർക്ക് വിട്ടുകൊടുത്തിട്ടുണ്ട്. ഇന്നു നിലവിലുള്ള നിയമപ്രകാരം ലോൺ അനുവദിക്കുന്നതിനുള്ള അധികാരം ഗവണ്മെന്റിനാണ്. എന്നാൽ അയ്യായിരം രൂപയോളം വരുന്നതുകകൾ അനുവദിക്കുന്നതിന് ഡയറക്ടർക്ക് അധികാരം കൊടുത്തുകൊണ്ടുള്ള വകുപ്പ് ഈ ബില്ലിൽ ചേർത്തിട്ടുണ്ട്. അതുകൊണ്ട് ലോൺ അനുവദിക്കുന്നതിനുള്ള കാലതാമസം കുറയുന്നതാണ്. ഇതു ചെറുതരം വ്യവസായികൾക്ക് സഹായകരമായിരിക്കുമെന്ന ഉദ്ദേശിച്ചാണ് ഈ ഭേദഗതിബിൽ ഇവിടെ അവതരിപ്പിക്കുന്നത്.

SHRI. M. P. MENON: I move that this Bill also may be referred to a select Committee.

ഇതിൽ രണ്ടാമത്തെ ക്ലാസ്സിലെ പ്രൊവൈസോ അനുസരിച്ച് ലോൺ അപ്ലിക്കേഷൻ പരിഗണിക്കുവാൻ ചില പ്രയാസങ്ങളുണ്ട്. ഒരാൾ ലോണിനു് അപേക്ഷിച്ചാൽ വസ്തുവിന് എൻകംബ്രൻസ് വല്ലതും ഉണ്ടെങ്കിൽ അതു മാറി നിവർത്തി ബാക്കിയുള്ള അസെറ്റ്സിന്റെ 60 ശതമാനം ലോണായി കൊടുക്കണമെന്നാണ് ഇതിൽ പറയുന്നത്. അങ്ങനെയാണെങ്കിൽ ഇന്നു അപേക്ഷിച്ചിട്ടുള്ള മിക്ക വ്യവസായികൾക്കും യാതൊരു പ്രയോജനവും കിട്ടുകയില്ല. വലിയവലിയ പലിശകൊടുത്തു കടം എടുത്തു വ്യവസായങ്ങൾ നടത്തിക്കൊണ്ടിരിക്കുന്നവരാണ് ഇന്നത്തെ ചെറുകിട വ്യവസായികളിൽ അധികവും. ഭാരിച്ച

LIBRARY ARCHIVES Kerala Legislative Assembly